ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 31-1-2011 വരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 33983 ഗുണഭോക്താക്കൾക്കായി 1848.28 ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 3,91,04,000 രൂപയും (മൂന്ന് കോടി തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി നാലായിരം രൂപ) ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം ശേഖരിച്ച് വരുന്നു.

(ബി) മുള്ളശ്ശേരി ബ്ലോക്ക് പരിധിയിൽ പട്ടികജാതിയിൽപ്പെട്ട 287 പേർക്കായി 11,93,000 (പതിനൊന്ന് ലക്ഷത്തി തൊണ്ണൂറ്റി മുവായിരം) രൂപ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. മുള്ളശ്ശേരി ബ്ലോക്ക് പരിധിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആർക്കും ചികിത്സാ ധനസഹായം അനുവദിച്ചിട്ടില്ല.

വയനാട് ജില്ലയിൽ പട്ടികസമുദായ വിഭാഗത്തിന് അനുവദിച്ച ചികിത്സാ ധനസഹായം

132 (1095) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികസമുദായ വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായമായി കഴിഞ്ഞ രണ്ട് വർഷങ്ങളിൽ സംസ്ഥാനത്ത് ആകെ അനുവദിച്ച തുകയുടെ ജില്ലാതല വിശദാംശം ലഭ്യമാക്കുമോ ;

(ബി) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി കഴിഞ്ഞ രണ്ടുവർഷങ്ങളിൽ ചികിത്സാ ധനസഹായമായി ആകെ അനുവദിച്ച തുകയുടെ ജില്ലാതല വിശദാംശം ലഭ്യമാക്കുമോ ;

(സി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സാ ധനസഹായമായി വകുപ്പുമന്ത്രിയുടെ സഹായനിധിയിൽ നിന്നും ഒരാൾക്ക് അനുവദിക്കാവുന്ന പരമാവധി തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ചികിത്സാ ധനസഹായമായി ഒരാൾക്ക് അനുവദിക്കാവുന്ന പരമാവധി തുക അനുവദിക്കപ്പെട്ടവരുടെ ജില്ലാതല വിശദാംശം ലഭ്യമാക്കുമോ ;

(ഇ) വയനാട് ജില്ലയിൽ നടപ്പ് സാമ്പത്തിക വർഷം പട്ടികവർഗ്ഗ വിഭാഗത്തിൽ വകുപ്പുമന്ത്രിയുടെ സഹായനിധിയിൽ നിന്നും അനുവദിച്ച തുകയുടെ താലൂക്കുതല വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പട്ടികജാതി വിഭാഗങ്ങൾക്ക് ആകെ അനുവദിച്ച തുകയുടെ ജില്ലാതല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	2008-09	2009-10
തിരുവനന്തപുരം	51,96,000	65,26,500
കൊല്ലം	38,89,600	30,80,300
പത്തനംതിട്ട	39,73,500	38,57,500
ആലപ്പുഴ	32,83,500	73,18,900
കോട്ടയം	13,57,500	20,35,900
എറണാകുളം	47,90,000	78,70,500
ഇടുക്കി	20,07,500	25,29,000
തൃശ്ശൂർ	62,60,500	80,17,800
പാലക്കാട്	46,01,500	39,43,250
മലപ്പുറം	69,91,500	48,49,800
കോഴിക്കോട്	32,73,150	24,89,000
വയനാട്	2,30,000	4,27,200
കണ്ണൂർ	19,16,500	18,47,000
കാസർഗോഡ്	31,06,500	12,26,000
ആകെ	5,08,77,250	5,60,18,650

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആകെ അനുവദിച്ച തുകയുടെ ജില്ലാതല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ജില്ല	2008-09	2009-10
(1)	(2)	(3)
തിരുവനന്തപുരം	1,25,000	1,15,000
കൊല്ലം	86,500	92,907
പത്തനംതിട്ട	1,50,000	1,25,000
ആലപ്പുഴ	2,23,500	1,27,000
കോട്ടയം	1,50,000	1,00,000

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
എറണാകുളം	1,13,000	1,05,891
ഇടുക്കി	3,10,265	3,65,000
തൃശ്ശൂർ	91,000	1,40,000
പാലക്കാട്	10,50,000	8,39,000
മലപ്പുറം	8,18,985	5,00,000
കോഴിക്കോട്	2,52,750	1,70,000
വയനാട്	10,48,000	44,44,974
കണ്ണൂർ	1,56,000	1,75,000
കാസർഗോഡ്	14,25,000	7,00,000
ആകെ	60,00,000	79,99,772

(സി) 25,000 രൂപ.

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിവരം ശേഖരിച്ചുവരുന്നു. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നിലവിലുള്ളതിനാൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആർക്കും പ്രത്യേക തുക വകുപ്പുമന്ത്രിയുടെ സഹായനിധിയിൽ നിന്ന് അനുവദിച്ച് നൽകിയിട്ടില്ല.

(ഇ)

ക്രമനമ്പർ	താലൂക്ക്	അനുവദിച്ച തുക
1.	ബത്തേരി താലൂക്ക്	14,04,000
2.	മാനന്തവാടി താലൂക്ക്	9,08,000
3.	വൈത്തിരി താലൂക്ക്	7,70,231

കൽപ്പറ്റ മണ്ഡലത്തിലെ പട്ടികസമുദായ വിഭാഗങ്ങൾക്കുള്ള ചികിൽസാ ധനസഹായം

133 (1086) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായത്തിനായി കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നിന്നും, ജനപ്രതിനിധി വഴി, 2010 ഏപ്രിൽ മാസത്തിനുശേഷം പട്ടികവിഭാഗങ്ങളിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് അറിയിക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly